# പ്രസ് റിലീസ്

## റീജിയണൽ കാൻസർ സെൻററിൽ ഡി.എൻ.ബി. (നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ്) സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

റീജിയണൽ കാൻസർ സെൻററിൽ മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി എന്നീ സൂപ്പർ സ്പെഷ്യാലിറ്റികളിൽ ഡി.എൻ.ബി. കോഴ്സിലേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.

മെഡിക്കൽ ഓങ്കോളജിയിലേയ്ക്ക്, സി.ഇ.റ്റി. സൂപ്പർ സ്പെഷ്യാലിറ്റി പാസ്സായ ബിരുദാനന്തര ബിരുദമുള്ളവർക്ക് (എം.ഡി. ജനറൽ മെഡിസിൻ/ഡി.എൻ.ബി.ജനറൽ മെഡിസിൻ അല്ലെങ്കിൽ എം.ഡി. പിഡിയാട്രിക്സ്/ഡി.എൻ.ബി. പിഡിയാട്രിക്സ്.) ഒരു സീറ്റും, സർജിക്കൽ ഓങ്കോളജിയിലേയ്ക്ക്, സി.ഇ.റ്റി. സൂപ്പർ സ്പെഷ്യാലിറ്റി പാസ്സായ ബിരുദാനന്തര ബിരുദമുള്ളവർക്ക് (എം.എസ്. ജനറൽ സർജറി/ഡി.എൻ.ബി.ജനറൽ സർജറി) രണ്ട് സീററും വീതമാണ് ഉള്ളത്.

താഴെപ്പറയുന്ന രേഖകൾ സഹിതം **2010** ഫെബ്രുവരി **19**-നോ അതിന് മുമ്പോ ഡയറക്ടർ, റീജിയണൽ കാൻസർ സെൻറർ, തിരുവനന്തപുരം.11 എന്ന വിലാസത്തിൽ വെള്ളക്കടലാസ്സിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകരുടെ ഇ.മെയിൽ അഡ്രസ് കോൺടാക്റ്റ് ടെലിഫോൺ നംപർ എന്നിവ അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

1. സി.ഇ.റ്റി.സൂപ്പർസ്പെഷ്യാലിറ്റി പരീക്ഷ ജയിച്ച സർട്ടിഫിക്കററിൻെറ പകർപ്പ്.
2. എം.ഡി. ജനറൽ മെഡിസിൻ/ഡി.എൻ.ബി.ജനറൽ മെഡിസിൻ, അല്ലെങ്കിൽ എം.ഡി. പിഡിയാട്രിക്സ്/ഡി.എൻ.ബി. പിഡിയാട്രിക്സ് (മെഡിക്കൽ ഓങ്കോളജിയിലേയ്ക്ക്), എം.എസ്. ജനറൽ സർജറി/ഡി.എൻ.ബി.ജനറൽ സർജറി (സർജിക്കൽ ഓങ്കോളജിയിലേയ്ക്ക്) ജയിച്ച സർട്ടിഫിക്കറ്റിൻെറ പകർപ്പ്.
3. മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻെറ പകർപ്പ്.
4. ഡയറക്ടർ, റീജിയണൽ കാൻസർ സെൻറർ, തിരുവനന്തപുരം എന്ന പേരിൽ എടുത്ത തിരുവനന്തപുരത്ത് മാറാവുന്ന **1000** രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്.(ഓരോ സ്പെഷ്യാലിററിക്കും പ്രത്യേകം ഡി.ഡി. വയ്ക്കേണ്ടതാണ്.)
5. മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോഗ്രാഫ്.

മേൽപറഞ്ഞ യോഗ്യതയുള്ള അപേക്ഷകർ സ്വന്തം ചെലവിൽ ഇൻറർവ്യൂവിന് **25-02-2010** വ്യാഴാഴ്ച രാവിലെ **9** മണിക്ക് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകണം. തെരഞ്ഞെടുക്കപ്പെടുന്നവർ എത്രയുംപെട്ടെന്ന് തന്നെ നിശ്ചിത ഫീസായ **50,000** രൂപ അടച്ചു് അതാതു കോഴ്സിന് ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **www.rcctvm.org** എന്ന ആർ.സി.സി. വെബ്സൈറ്റു് സന്ദർശിക്കുക.

2009 ജനുവരിയിലോ അതിനുശേഷമോ സി.ഇ.റ്റി-(SS) പാസ്സായിട്ടുള്ളവർക്ക് മാത്രമേ 2010 സെഷനിലേക്ക് അഡ്മിഷന് അർഹത ഉണ്ടായിരിക്കുകയുള്ളു.

**ഒപ്പ്**
**ഡയറക്ടർ**

നം.2122/Admn.III/DNB/2009/RCC
25-01-2010.